റീ-സർവ്വേ അദാലത്തുകൾ

173 (1216) ശ്രീ. വർക്കല കഹാർ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ-സർവ്വേ അദാലത്തുകൾ വില്ലേജ് തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ;

(സി) റീ-സർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

(ബി) റവന്യൂ സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുള്ളതും 1-11-2014 മുതൽ 20-12-2014 വരെയും ലഭിച്ചതായ ഫയലുകളും, സമയബന്ധിതമായി തീർപ്പാക്കിയും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽനിന്ന് പരാതികൾ അദാലത്ത് ദിവസം നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളിലോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ നിലവിൽ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാരാണ് പരിഹരിച്ചുവരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന്,

LIBRARY ARCHIVES Kerala Legislative Assembly

സർവ്വേ സബ്ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീസർവ്വേ സൂപ്രണ്ടുമാർക്കുകൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.-ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും പരിഹരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) താലൂക്ക് തലത്തിൽ നടപടി ശേഷിക്കുന്ന എല്ലാ പരാതികളും അദാലത്ത് മുഖേന തീർപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

റവന്യൂ സർവ്വേ അദാലത്തുകൾ

174 (1217) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം തരത്തിലുള്ള പരാതികളാണ് അദാലത്തുകളിൽ പരിഗണിക്കുന്നത് ;

(ഡി) അദാലത്തുകളുടെ നിയന്ത്രണം ആരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

(ബി) റവന്യൂ-സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുള്ളതും 1-11-2014 മുതൽ 20-12-2014 വരെയും ലഭിച്ചതായ ഫയലുകളും, സമയ ബന്ധിതമായി തീർപ്പാക്കിയും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ പൊതു ജനങ്ങളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly